**സബ്മിഷൻ**

സഫീർ, ഷുഹൈബ് എന്നിവരുടെ മോചനം

ശ്രീ. മഞ്ഞളാംകുഴി അലി: സർ, എന്റെ മങ്കട നിയോജകമണ്ഡലത്തിലെ കൂട്ടിലങ്ങാടി പഞ്ചായത്തിൽ വള്ളിക്കാപ്പറ്റ, കാഞ്ഞമണ്ണ സ്വദേശികളായ കുരിമണ്ണിൽ പുളിക്കാമത്ത് സഫീർ, കുറ്റീരി ഹൗസിൽ അബൂബക്കറിന്റെ മകൻ ഷുഹൈബ് എന്നിവർ നാട്ടിൽനിന്ന് സന്ദർശക വിസയിൽ അബുദാബിയിൽ എത്തുകയും അവിടെനിന്നും ജോലി ലഭിച്ച് തായ്‌ലാന്റിലേയ്ക്ക് പോയതായും ആദ്യം കുടുംബത്തിന് വിവരം ലഭിച്ചിരുന്നു. എന്നാൽ അവർ വിസാ തട്ടിപ്പിൽ കുടുങ്ങി കബളിപ്പിക്കപ്പെട്ടതാണെന്നും തായ്‌ലാന്റ്-മ്യാൻമാർ അതിർത്തിയിൽ സായുധ സംഘങ്ങളുടെ തടവിലാണ് ഇപ്പോൾ കഴിയുന്നതെന്നുമാണ് കുടുംബത്തിന് ലഭിച്ചിട്ടുള്ള വിവരം. ഇവർ വലിയൊരു ക്രിമിനൽ സംഘത്തിന്റെ പിടിയിലാണെന്നും ഭീകരമായ പീഡനങ്ങളേൽക്കേണ്ടിവരുന്നുവെന്നുമാണ് അറിയുന്നത്. മാത്രമല്ല, നിയമവിരുദ്ധ കമ്പ്യൂട്ടർ ഹാക്കിംഗ് പോലുള്ള പ്രവർത്തനങ്ങൾക്ക് ഇവരെ ഉപയോഗിക്കുന്നുവെന്നും വഴങ്ങാത്തതിന് ഭീകരമായി മർദ്ദിക്കുകയും മുറിവേൽപ്പിക്കുകയും പൊള്ളലേൽപ്പിക്കുകയും

ഷോക്കടിപ്പിക്കുകയും ചെയ്യുന്നുവെന്നും ഇവരുടെ ഫോട്ടോഗ്രാഫ് ബന്ധുക്കൾക്ക് ലഭിച്ചിട്ടുള്ളതായും പറയുന്നു. ഇപ്രകാരം ബന്ധികളാക്കപ്പെട്ടവരിൽ 60-ഓളം ഇന്ത്യാക്കാരും അതിൽ 15-ഓളം മലയാളികളുമുള്ളതായാണ് അവിടെനിന്നും ലഭിച്ച വിവരം. ഇവരുടെ മോചനത്തിനാവശ്യമായ ഇടപെടൽ നടത്തണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിനോടും എംബസി അധികൃതരോടും ബന്ധുക്കൾ അപേക്ഷിച്ചിരുന്നെങ്കിലും നാളിതുവരെ യാതൊരു വിവരവും ലഭിച്ചിട്ടില്ല. ഇതുസംബന്ധിച്ച അപേക്ഷ മുഖ്യമന്ത്രിക്കും നൽകിയിരുന്നു. ബന്ധികളാക്കപ്പെട്ട് വളരെയധികം പീഡനങ്ങളേക്കേണ്ടിവരുന്ന ശ്രീ. സഫീറിന്റെയും ശ്രീ. ഷുഹൈബിന്റെയും മോചനം നീണ്ടുപോകുന്നത് വളരെയധികം ആശങ്കപ്പെടുത്തുകയാണ്. അതുകൊണ്ട് എത്രയും വേഗം അവരുടെ മോചനത്തിനാവശ്യമായ ഇടപെടൽ നടത്തണമെന്നാണ് ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഗൗരവമായ വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ അവതരിപ്പിച്ചത്. ഓൺലൈൻ വിസാ തട്ടിപ്പിൽ കുടുങ്ങി അബുദാബിയിൽനിന്നും തായ്‌ലാന്റ്-മ്യാൻമാർ

അതിർത്തിയിലെത്തിപ്പെട്ട് സായുധ സംഘങ്ങളുടെ തടവിലാണ് മലപ്പുറം വള്ളിക്കാപ്പറ്റ കുട്ടിലങ്ങാടി പഞ്ചായത്തിലെ ശ്രീ. സഫീർ, ശ്രീ. ഷുഹൈബ് എന്നിവർ. ഇവരുടെ മോചനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാന സർക്കാരിനുള്ള പരിമിതി എല്ലാവർക്കും അറിയാവുന്നതാണ്. എങ്കിലും ബാംഗോക്കിലെ ഇന്ത്യൻ അംബാസിഡറുമായും വിദേശകാര്യ മന്ത്രാലയവുമായും ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരികയാണ്. അതോടൊപ്പം ഇവരെ വിദേശത്ത് എത്തിച്ചതിൽ ആരോപണ വിധേയരായ ഏജന്റുമാർക്കെതിരെ നിയമനടപടി സ്വീകരിക്കാനും ആയതിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാനും സംസ്ഥാന പോലീസ് മേധാവി, NRI Cell എസ്.പി. എന്നിവരെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

<u>ശക്തൻ തമ്പുരാൻ പ്രതിമയുടെ പുനരുദ്ധാരണം</u>

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: സർ, കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമാണ് തൃശ്ശൂർ. ആ സാംസ്കാരിക തലസ്ഥാനത്തിന്റെ ഹെറിറ്റേജ് കേരളം കാണുന്നത് ശക്തൻ തമ്പുരാനെന്ന തൃശ്ശൂർ നഗര സംവിധാനം ചെയ്തിട്ടുള്ള വ്യക്തിയിലാണ്. അദ്ദേഹത്തിന്റെ നാമധേയത്തിൽ തൃശ്ശൂർ ശക്തൻ

ബസ് സ്റ്റാൻഡിനുസമീപം വർഷങ്ങൾക്കുമുമ്പ് ഒരു പ്രതിമ സ്ഥാപിച്ചിരുന്നു. രണ്ടാഴ്ചമുമ്പ് ആ പ്രതിമയിൽ ഒരു ട്രാൻസ്പോർട്ട് ബസ് ഇടിക്കുകയും പ്രതിമ തകരുകയും ചെയ്തു. അതിനെത്തുടർന്ന് കോർപ്പറേഷനും മറ്റ് സന്നദ്ധസംഘടനകളും പ്രതിമ പുനഃസ്ഥാപിക്കുന്നതിനുവേണ്ടി ആവശ്യമുയർത്തി. ആ പ്രതിമ സ്ഥാപിക്കേണ്ടത് ആ നഗരത്തിന്റെ കൾച്ചറൽ ഹെറിറ്റേജുമായി ബന്ധപ്പെട്ട് ഏറ്റവുമധികം അറിയപ്പെടുന്ന ശക്തൻ തമ്പുരാന്റെ ഓർമ്മകളോട് ചെയ്യുന്ന നീതിയായിരിക്കും. അതുകൊണ്ട് എം.എൽ.എ. എന്ന നിലയിൽ എം.എൽ.എ.-യുടെ വികസന ഫണ്ടിൽനിന്നും പത്തുലക്ഷം രൂപ നീക്കിവയ്ക്കുകയാണ്. തകർന്ന പ്രതിമയ്ക്ക് സമീപംനിന്ന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജനും എം.എൽ.എ. നിലയിൽ ഞാനും ഗതാഗത വകുപ്പുമന്ത്രിയായ ശ്രീ. കെ. ബി. ഗണേഷ് കുമാറിനെ ബന്ധപ്പെട്ടപ്പോൾ, ആ പ്രതിമ പുനഃസ്ഥാപിക്കുന്നതിനുവേണ്ടി ഗതാഗത വകുപ്പിന്റെ ഭാഗത്തുനിന്നും എല്ലാവിധത്തിലുമുള്ള സഹായ സഹകരണങ്ങളുമുണ്ടാകുമെന്നും അവിടെ കൂടിയ ജനങ്ങളോടും പത്രപ്രതിനിധികളോടും അത് പ്രഖ്യാപിച്ചോളൂ എന്നാണ് അദ്ദേഹം പറഞ്ഞത്. അതുമായി ബന്ധപ്പെട്ട് കാര്യങ്ങൾ നീങ്ങുകയാണ്. മറ്റ്

തൽപ്പര കക്ഷികളിൽ ചിലർ ദുർവ്യാഖ്യാനങ്ങൾ നടത്തി അവിടെ രാഷ്ട്രീയ മുതലെടുപ്പിന് ശ്രമിക്കുന്നുണ്ടെന്നുള്ളതുകൂടി കണക്കിലെടുത്തുകൊണ്ട് ആ പ്രതിമ എത്രയുംവേഗം സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള എല്ലാവിധ സാങ്കേതികവും ധനപരവുമായ സഹായങ്ങളും ട്രാൻസ്പോർട്ട് വകുപ്പിന്റെ ഭാഗത്തുനിന്നും മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, ബഹുമാനപ്പെട്ട തൃശ്ശൂർ അംഗം ശ്രീ. പി. ബാലചന്ദ്രൻ ഉന്നയിച്ച വിഷയം സർക്കാർ വളരെ ഗൗരവത്തോടെയാണ് കണ്ടത്. കെ.എസ്.ആർ.ടി.സി. ഡ്രൈവറുടെ തെറ്റുകൊണ്ടാണ് തൃശ്ശൂരിന്റെ വികാരമായ ശക്തൻ തമ്പുരാന്റെ പ്രതിമ തകർന്നത്. അപകടം സംഭവിച്ച് പ്രതിമ തകർന്നുവീണയുടൻതന്നെ ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ ശ്രീ. കെ. രാജനും ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. പി. ബാലചന്ദ്രനും അവിടെ എത്തുകയും ഇത്തരത്തിലൊരു അപകടം സംഭവിച്ചു, ശക്തൻതമ്പുരാന്റെ പ്രതിമ തകർന്നുവീണുവെന്ന് അറിയിച്ചപ്പോൾ തൃശ്ശൂരിലെ ജനങ്ങളുടെ മാനസ്സികാവസ്ഥ

മനസ്സിലാക്കിക്കൊണ്ട് ഞാൻ അപ്പോൾ പറഞ്ഞത് എത്രരൂപയായാലും കെ.എസ്.ആർ.ടി.സി. അത് നന്നാക്കിത്തരുമെന്നാണ്. അദ്ദേഹം അവിടെവച്ചുതന്നെ അത് അനൗൺസ് ചെയ്യുകയും ചെയ്തു. കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക സ്ഥിതി മോശമാണെങ്കിലും ഡ്രൈവറുടെ ഭാഗത്തുനിന്നും സംഭവിച്ച തെറ്റായതുകൊണ്ട് അത് നമ്മുടെ ധർമ്മമാണ്. കാരണം ഇത്രയും വികാരപരമായി കാണുന്ന പഴയൊരു പ്രതിമയാണ്. അത് തകർന്നുവീഴുമ്പോൾ നാട്ടുകാരുടെ മനസ്സിലുണ്ടാകുന്ന മുറിവ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ മുതലെടുക്കാൻ കുറേ ആളുകൾ നടക്കുന്നുണ്ട്. പ്രതിമ നന്നാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ശില്പി അധികതുകയാണ് ആവശ്യപ്പെട്ടതെങ്കിലും പ്രതിമയുടെ പ്രൊപ്പറൈറ്ററി റൈറ്റുള്ള ശില്പി തിരുവനന്തപുരത്തുള്ള ശ്രീ. കുന്നുവിള എം. മുരളിയോട് കെ.എസ്.ആർ.ടി.സി.-യുടെ സി.എം.ഡി.-യും ഞാനും സംസാരിച്ചു. അദ്ദേഹം 19,75,000/- രൂപയ്ക്ക് ഇത് പൂർത്തിയാക്കാമെന്ന് പറഞ്ഞതനുസരിച്ച് വർക്ക് ഓർഡർ കൊടുക്കുകയും ബഹുമാനപ്പെട്ട മന്ത്രി, എം.എൽ.എ., മേയർ എന്നിവരുടെയെല്ലാം സാന്നിദ്ധ്യത്തിൽ 18-06-2024-ൽ കെ.എസ്.ആർ.ടി.സി.

ഉദ്യോഗസ്ഥരുംചേർന്ന് ഈ പ്രതിമ അവിടെനിന്നെടുക്കുകയും തിരുവനന്തപുരത്ത് ശില്പിയുടെ സ്റ്റുഡിയോയിൽ എത്തിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം ബഹുമാനപ്പെട്ട എം.എൽ.എ. 10 ലക്ഷം രൂപ അദ്ദേഹത്തിന്റെ ഫണ്ടിൽനിന്ന് നൽകാമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്. വളരെ സന്തോഷമുള്ള കാര്യമാണ്. എത്രയുംപെട്ടെന്ന് പ്രതിമയുടെ പണി പൂർത്തീകരിച്ച് ചുറ്റും ചെറിയൊരു പൂന്തോട്ടത്തോടൊപ്പം മുമ്പിരുന്നതിനെക്കാൾ മനോഹരമായി ശില്പിതന്നെ പുനഃസ്ഥാപിക്കുമെന്ന് ഉറപ്പുനൽകിയിട്ടുണ്ട്.

## കോടതി ഫീസ് വർദ്ധനവ്

ശ്രീമതി കെ. കെ. രമ: സർ, ബഡ്ജറ്റ് നിർദ്ദേശങ്ങളിലുൾപ്പെടുത്തി സംസ്ഥാനത്ത് നടപ്പിൽ വരുത്തിയിട്ടുള്ള കോടതി ഫീസുകളുടെ വർദ്ധനവുമൂലം സമൂഹത്തിലെ താഴെക്കിടയിലുള്ളവർക്കും സ്ത്രീകൾക്കും ദുർബല വിഭാഗങ്ങൾക്കും നീതിപീഠം അപ്രാപ്യമാക്കുന്ന സാഹചര്യമുണ്ടാകാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഈ സബ്മിഷൻ. ഖജനാവിലേയ്ക്ക് 101.41 കോടി രൂപയുടെ അധിക വരുമാനം ലക്ഷ്യമിട്ടുകൊണ്ടാണ് കോടതി വ്യവഹാരങ്ങളുമായി ബന്ധപ്പെട്ട ഫീസുകൾ

സർക്കാർ വർദ്ധിപ്പിച്ചിട്ടുള്ളത്. 10 രൂപ അടച്ചാൽ കോടതിയിൽ ഫയൽ ചെയ്യാമായിരുന്ന ചെക്ക് കേസിന്റെ ഫീസ് ചെക്ക് തുകയുടെ വലിപ്പത്തിനനുസരിച്ച് 250 രൂപ മുതൽ മൂന്നുലക്ഷം രൂപ വരെയാണ് വർദ്ധിപ്പിച്ചത്. കുടുംബകോടതിയിൽ വസ്തു സംബന്ധമായ കേസുകൾ ഫയൽ ചെയ്യുന്നതിന് 50 രൂപയായിരുന്നത് 200 രൂപ മുതൽ രണ്ടുലക്ഷം രൂപ വരെ വർദ്ധിപ്പിച്ചിട്ടുണ്ട്. കുടുംബ കോടതികളിലെ ഫീസും ഇതുപോലെ വർദ്ധിപ്പിച്ചിരിക്കുകയാണ്. നമ്മുടെ നാട്ടിലെ കുടുംബ കോടതികളിൽ എത്തുന്നവരിൽ ഏറെയും സാധാരണക്കാരാണ്. അതിനാൽ ഈ വർദ്ധനവ് നീതി തേടി കോടതികളിലെത്തുന്ന സാധാരണക്കാർക്ക്, പ്രത്യേകിച്ചും സ്ത്രീകൾക്ക് നീതി നിഷേധിക്കുന്നതിന് തുല്യമാണ്. കുടുംബ കോടതികളിൽ വരുന്ന കേസുകളിൽ ഭൂരിഭാഗവും വിവാഹ മോചനക്കേസും സ്വർണ്ണവും പണയമുൾപ്പെടെയുള്ള ഇടപാടുകളിൽ ഇരകളാക്കപ്പെടുന്നവരുടേതുമാണ്. അത്തരം ആളുകൾ ഇനി വലിയ ഫീസ് കെട്ടിവയ്ക്കണമെന്ന നിബന്ധന വരുമ്പോൾ ഭാരത്താൽ അത്തരം കേസുകളിൽനിന്നും പിന്മാറാൻ നിർബന്ധിതരാവും. സാമാന്യ ജനത്തിന് ഭാരമില്ലാതെ നീതി നിർവ്വഹണ

സംവിധാനത്തെ നിലനിർത്തേണ്ടത് ഏതൊരു ഭരണകൂടത്തിന്റെയും ചുമതലയാണ്. സംസ്ഥാന സർക്കാർ കോർട്ട് ഫീസ് വർദ്ധനവ് വരുത്താൻ തീരുമാനിച്ചതിൽ നീതിക്കുവേണ്ടി കോടതിയെ സമീപിക്കുന്നതിൽനിന്നും സാധാരണക്കാർ വിട്ടുനിൽക്കാൻ നിർബന്ധിതരാകുന്നു. അത് നീതി നിഷേധത്തിന് ഇടയാവുകയാണ്. അതുമാത്രമല്ല സമൂഹം പ്രതികരണശേഷി നഷ്ടപ്പെട്ടവരായി തീരുകയും ചെയ്യും. വരും നാളുകൾ അതിജീവനത്തിന് നാം വലിയ വില നൽകേണ്ടി വരികയും ചെയ്യും. ഈ സാഹചര്യത്തിൽ കോടതി ഫീസുകളിൽ വരുത്തിയിട്ടുള്ള വർദ്ധനവ് പൂർണ്ണമായും ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2023-24-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കോർട്ട് ഫീ പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശം ഉൾപ്പെട്ടിരുന്നു. അതിൻപ്രകാരം കോടതി ഫീസ് പരിഷ്കരണത്തെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ജസ്റ്റിസ് വി. കെ. മോഹൻ (റിട്ട.) അധ്യക്ഷനായി വിദഗ്ദ്ധ സമിതി സർക്കാർ രൂപീകരിച്ചിരുന്നു. ഈ സമിതി 27-01-2024-ൽ ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചു. അതിലെ

ശിപർശകളുടെ അടിസ്ഥാനത്തിലാണ് 2024-25-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 1881-ലെ Negotiable Instruments Act- ഉം ആക്ട് 138-ാം വകുപ്പിനുകീഴിൽ ഫയൽ ചെയ്യപ്പെടുന്ന പെറ്റീഷൻ, അപ്പീൽ, റിവിഷൻ ഹർജികൾ, 1984-ലെ Family Court Act-ന്റെ കീഴിൽ സംസ്ഥാനത്തെ കുടുംബ കോടതികൾ വകുപ്പ് 7(1), വിശദീകരണം 'സി' പ്രകാരമുള്ള വസ്തുസംബന്ധമായ കേസുകൾ, അതിന്മേലുള്ള അപ്പീലുകൾ എന്നിവ ഫയൽ ചെയ്യുമ്പോൾ നിലവിൽ ഈടാക്കിവരുന്ന കോടതി ഫീസ് പരിഷ്കരിക്കുന്നതിന് 1959-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും ആക്ടിന്റെ പട്ടിക 2-ൽ ഭേദഗതി വരുത്താൻ നിയമസഭയുടെ ബിൽ 193 ആയി കേരള ഫിനാൻസ് ബിൽ 2024 പ്രസിദ്ധീകരിച്ചിരുന്നു. കോടതി ഫീസുമായി ബന്ധപ്പെട്ട് ആയതിലെ വ്യവസ്ഥകൾ The Kerala Provisional Collection of Revenues Act, 1985 പ്രകാരം 01-04-2024 മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. കുടുംബക്കോടതിയിൽ ഫയൽ ചെയ്യപ്പെടുന്ന നിരവധി പെറ്റീഷനുകളിൽ വസ്തു സംബന്ധമായ അവകാശവാദം ഉന്നയിച്ചുകൊണ്ട് സമർപ്പിക്കുന്ന പെറ്റീഷനുകളിൽ മാത്രമാണ് നിലവിലുള്ള നാമമാത്രമായ 50 രൂപ പെറ്റീഷൻ

ഫീസിൽ കാലാനുസൃതമായ വർദ്ധനവ് വരുത്താൻ തീരുമാനിച്ചിട്ടുള്ളത്. നിലവിൽ 50 രൂപ മാത്രമുണ്ടായിരുന്ന പെറ്റീഷൻ ഫീസ് അവകാശവാദ തുക ഒരു ലക്ഷം രൂപ വരെയുള്ള കേസ്സുകളിൽ 200 രൂപയായും അവകാശവാദ തുക അഞ്ച് ലക്ഷം രൂപ വരെയുള്ള കേസ്സുകൾക്ക് അവകാശവാദ തുകയുടെ 0.5 ശതമാനവും അതിനും മുകളിലോട്ടുള്ള അവകാശവാദ തുകയ്ക്ക് അവകാശവദ തുകയുടെ രണ്ട് ശതമാനവും അല്ലെങ്കിൽ പരമാവധി രണ്ട് ലക്ഷം രൂപ വരെയുമാണ് കോടതി ഫീസ് വർദ്ധിപ്പിച്ചിരിക്കുന്നത്. ഇതുകൂടാതെ ചെക്ക് കേസ്സുകൾ ഫയൽ ചെയ്യുമ്പോൾ നിലവിൽ പെറ്റീഷൻ ഫീസ് പത്ത് രൂപ മാത്രമാണ്. അത് പതിനായിരം രൂപ വരെയുള്ള ചെക്കുകളുടെ കാര്യത്തിൽ 200 രൂപയായും പതിനായിരം രൂപയ്ക്ക് മുകളിലുള്ള ചെക്കുകളുടെ കാര്യത്തിൽ ചെക്ക് തുകയുടെ അഞ്ച് ശതമാനവും അല്ലെങ്കിൽ പരമാവധി മൂന്ന് ലക്ഷം രൂപയുമായാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. കുടുംബക്കോടതികളിൽ ഫയൽ ചെയ്യുന്ന മറ്റ് കേസ്സുകൾക്കൊന്നും കോടതി ഫീസ് വർദ്ധിപ്പിച്ചിട്ടില്ല. വസ്തുക്കളിന്മേലുള്ള അവകാശവാദം ഉന്നയിക്കുന്ന കേസ്സുകളിലും ചെക്ക് കേസ്സുകളിലും മാത്രമാണ് കാലാനുസൃതമായി കോർട്ട് ഫീസ് ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളത്. ഇത്

സബ്മിഷനിൽ ഉന്നയിക്കുന്നതുപോലെ നീതിക്കുവേണ്ടി കോടതിയെ സമീപിക്കുന്നതിൽനിന്നും സാധാരണക്കാരനെ പിൻതിരിപ്പിക്കുമെന്ന് കരുതുന്നില്ല. ഇത് സംബന്ധിച്ച് ജസ്റ്റീസ് വി. കെ. മോഹൻ കമ്മീഷൻ റിപ്പോർട്ടിന്റെ പരിശോധന നടക്കുകയാണ്. അവർ ബാക്കി കാര്യങ്ങളിലും പൂർണ്ണമായ റിപ്പോർട്ട് തരേണ്ടതുണ്ട്. ഈ വിഷയം സംബന്ധിച്ച് ലോയേഴ്സ് യൂണിയനും മഹിള സംഘടനകളുമൊക്കെ ചില പരാതികൾ നൽകിയിട്ടുണ്ട്. ഇക്കാര്യങ്ങളെല്ലാം ജസ്റ്റീസ് വി. കെ. മോഹൻ കമ്മീഷന്റെ മുമ്പിലുണ്ട്. ഇത് സംബന്ധിച്ച ചില കാര്യങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. തുടർന്ന് സഭ ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യുന്ന വേദികളിലും പുതിയ നിർദ്ദേശങ്ങൾ വരുന്ന സമയത്തുമൊക്കെ പരിശോധിക്കാം. എന്തായാലും ഇതുസംബന്ധിച്ച് സാധാരണക്കാർക്ക് കോടതിയിൽപ്പോകാൻ തടസ്സമുണ്ടാക്കുന്നതരത്തിലുള്ള ഒരു നിലപാടുമുണ്ടാകില്ല. വർഷങ്ങൾക്കുമുമ്പുള്ള ചില ഫീസ്സുകൾ പരിഷ്ക്കരിക്കുന്നത് സഭ പൊതുവിൽ അംഗീകരിച്ചതിന്റെ ഭാഗമായാണ് ഫീസ് വർദ്ധനവ് നടപ്പാക്കിയത്. അതുകൊണ്ട് മറ്റ് തടസ്സങ്ങൾ വരാതെ

പരിഹരിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്. ഇപ്പോൾ അത് തടസ്സം വരുന്നതരത്തിലല്ല കാണുന്നത്.

## കരകൗശല വിദഗ്ദ്ധർക്ക് നൈപുണ്യ പരിശീലനം

ശ്രീ. ഐ. ബി. സതീഷ്: സർ, പരമ്പരാഗത തൊഴിൽ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കണമെന്നും കാലോചിതമായി സാങ്കേതികവിദ്യ നടപ്പാക്കണമെന്നുമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. നമ്മുടെ ജനസംഖ്യയിൽ 6.7 ശതമാനം വിശ്വകർമ്മജരുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പകരമില്ലാത്ത തൊഴിലറിവുകൾ ആർജ്ജിക്കപ്പെട്ട സമൂഹമാണവർ. നമ്മുടെ നാട്ടിലെ പല നിർമ്മിതികളും തച്ചുശാസ്ത്രവും ലോകശ്രദ്ധ ആർജ്ജിച്ചതാണ്. ഗൃഹോപകരണ നിർമ്മാണം ഉൾപ്പെടെയുള്ള വ്യവസായങ്ങൾക്ക് ആവശ്യമായ തടി ലഭ്യമാക്കുന്നതിന് എൻ.ഒ.സി. ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ നിലനിൽക്കുന്നത് പരിഹരിക്കണം. ഇൻഡീരിയർ, ഫൈൻ ആർട്ട്സ് തുടങ്ങിയ സ്കിൽ കോഴ്സുകൾ പരിചയപ്പെടുത്തുന്നതിനും സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് ഗ്രാൻഡ് നൽകുകയും വിപണിമൂല്യം ഉയർത്താൻ സാങ്കേതിക പിന്തുണ നൽകുകയും

ചെയ്താൽ തൊഴിൽ അവസരങ്ങളുടെ കാര്യത്തിലും തൊഴിൽ വരുമാനത്തിന്റെ കാര്യത്തിലും വലിയ വർദ്ധനവുണ്ടാകും. ഇക്കാര്യത്തിൽ സർക്കാർ നടപടിയുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വളരെ ഗൗരവമായ ഒരു പ്രശ്നമാണ് ബഹുമാന്യനായ അംഗം ഇവിടെ ഉന്നയിച്ചിട്ടുള്ളത്. പരമ്പരാഗത കരകൗശല വിദഗ്ധരുടെ പരമ്പരാഗത തൊഴിലുകളും തനത് സംരംഭങ്ങളും സംരക്ഷിക്കുന്നതിനും നവ സംരംഭങ്ങൾ ആരംഭിക്കുന്നതിനും സംരംഭകർക്ക് ആവശ്യമായ നൈപുണ്യ പരിശീലനവും അടിസ്ഥാന സൗകര്യങ്ങളും ആർജ്ജിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ കേരള ആർട്ടിസാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ കേരള കരകൗശല വികസന കോർപ്പറേഷൻ കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കിവരുന്നുണ്ട്. കരകൗശല മേഖലയിലേർപ്പെട്ടിരിക്കുന്നതും സംസ്ഥാനത്ത് സ്ഥാപിതവുമായ എല്ലാ സൂക്ഷ്മ സംരംഭങ്ങളും ഉദ്യം രജിസ്ട്രേഷനോ അല്ലെങ്കിൽ എം.എസ്.എം.ഇ. മന്ത്രാലയം കാലാകാലങ്ങളിൽ

വ്യക്തമാക്കുന്ന മറ്റേതെങ്കിലും രജിസ്ട്രേഷനോവുള്ള യൂണിറ്റുകൾക്ക് 'ആശ' പദ്ധതിയിലൂടെ ധനസഹായം നൽകിവരുന്നു. പരമ്പരാഗത കൈത്തൊഴിൽ മേഖലയിൽ പണിയെടുക്കുന്ന ആർട്ടിസാൻമാരുടെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിനായി പ്രവർത്തിക്കുന്ന കേരള ആർട്ടിസാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ കേരളത്തിലെ ആർട്ടിസാൻമാരെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായി ആർട്ടിസാൻ ലേബർ ഡാറ്റാ ബാങ്ക് എന്ന വിവരശേഖരണ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതുവഴി 19612 ആർട്ടിസാൻമാർ രജിസ്ട്രേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. വാർഡ്തലത്തിൽ ആർട്ടിസാൻമാരെ ന്യായമായ വേതന വ്യവസ്ഥകളോടെ സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിനും അതുവഴി അവരവരുടെ താമസസ്ഥലത്തിനടുത്തുതന്നെ തൊഴിൽലഭ്യത പരമാവധി ഉപയോഗിപ്പെടുത്തുന്നതിനുള്ള പദ്ധതിയായാണിത് വിഭാവനം ചെയ്തിട്ടുള്ളത്. പരമ്പരാഗത മരപ്പണിക്കാർക്ക് ആധുനിക തൊഴിലുപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിപ്രകാരം വിവിധതരം ടൂൾ കിറ്റുകൾ വിതരണത്തിന് ലഭ്യമാക്കിവരുന്നു. കേരള ആർട്ടിസാൻ ഡെവലപ്മെന്റ് കോർപ്പറേഷൻ സംസ്ഥാന സർക്കാരുമാരിന്റെ റേറ്റ് കോൺട്രാക്ട് അക്രെഡിറ്റേഷൻ, സിവിൽ

കോൺട്രാക്ട് ലൈസൻസ് എന്നിവയ്ക്ക് അർഹമാവുകയും അതുവഴി ഒരു വർഷം ശരാശരി ഒരു ലക്ഷത്തോളം തൊഴിൽദിനങ്ങൾ ആർട്ടിസാൻമാർക്ക് ലഭ്യമാക്കുകയും ചെയ്യുന്നു. കഴിഞ്ഞ മൂന്ന് വർഷമായി ആർട്ടിസാൻമാർക്ക് ലോണുകൾ നൽകുക വഴി 89 ചെറുകിട യൂണിറ്റുകൾ സ്ഥാപിക്കുകയും അതുവഴി 178 പേർക്ക് തൊഴിൽ ലഭ്യമാക്കാനും സാധിച്ചു. 2021-22 മുതൽ 2023-24 വരെ ആർട്ടിസാൻമാർക്ക് അഡ്വാൻസ് വർക്കിംഗ് ക്യാപിറ്റൽ ഇനത്തിൽ 11.54 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. മരപ്പണിക്കാർക്കുള്ള കോമൺ ഫെസിലിറ്റി സെന്റർ കാഡ്കോ ഉമയനല്ലൂർ സ്ഥാപിച്ചിട്ടുണ്ട്. ഇതുകൂടാതെ കേരളത്തിലെ 14 ജില്ലകളിലും കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിനും അതോടൊപ്പം ആർട്ടിസാൻ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുള്ള ഷോപ്പിംഗ് സെന്റർ സ്ഥാപിക്കുന്നതിനുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. പരമ്പരാഗത സ്വർണ്ണത്തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ഗോൾഡ് അപ്രൈസ് ട്രെയിനിംഗിനുള്ള പദ്ധതികൾ കാഡ്കോ ആവിഷ്കരിച്ചിട്ടുണ്ട്. വിശ്വകർമ്മജരുൾപ്പെടെയുള്ള കരകൗശല വിദഗ്ധരുടെ ക്ഷേമത്തിനായി നിരവധി പ്രവർത്തനങ്ങൾ കരകൗശല വികസന

കോർപ്പറേഷൻ നടപ്പിലാക്കിവരുന്നു. സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭ്യമാക്കി വരുന്നു. പരമ്പരാഗത തൊഴിലാളികൾക്ക് ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും പുതിയ ഡിസൈനുകൾ നിർമ്മിക്കുന്നതിനുമുള്ള പരിശീലനം നൽകാൻ 20 ഡിസൈൻ ആൻഡ് ടെക്നോളജി വർഷോപ്പുകൾ സംഘടിപ്പിച്ചു. അതോടൊപ്പം ടൂൾ കിറ്റുകൾ സൗജന്യമായി നൽകി. കോർപ്പറേഷൻ ഉൽപ്പന്നങ്ങൾ നേരിട്ടുവാങ്ങി വിൽപ്പന നടത്തിവരുന്നു. ഇതോടൊപ്പം ബെൽ മെറ്റൽ ക്രാഫ്റ്റുകൾക്കായി കണ്ണൂർ കുഞ്ഞിമംഗലത്തും മരാധിഷ്ഠിത ക്രാഫ്റ്റുകൾക്കായി തൃശ്ശൂർ ചേർപ്പിലും കൊല്ലം കടവൂരിലും പൊതുസേവന കേന്ദ്രങ്ങൾ (കോമൺ ഫെസിലിറ്റി സെന്റർ) സ്ഥാപിച്ചിട്ടുണ്ട്. കേരളത്തിലെ കരകൗശല മേഖലയിലെ വിദഗ്ധരിൽ മികവുള്ളവരെ കണ്ടെത്തി സംസ്ഥാന സർക്കാർ കരകൗശല അവാർഡുകൾ നൽകിവരുന്നു. മുളയിലുള്ള കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിന് അടിസ്ഥാന പരിശീലനം നൽകുക, നൈപുണ്യ വികസനം, ഡിസൈൻ ഡെവലപ്മെന്റ് വർക്ഷോപ്പുകൾ ദേശീയ-അന്തർദേശീയ വിപണമേളകളിൽ കരകൗശലക്കാരെ പങ്കെടുപ്പിക്കുക,

ആവശ്യമായ സഹായ സഹകരണം നൽകുക സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, മുള ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുക, എന്നീ കാര്യങ്ങളോടൊപ്പം കേരള ബാംബു ഫെസ്റ്റ് എന്നിവയാണ് ബാംബു മിഷൻ നടപ്പിലാക്കിവരുന്ന പദ്ധതികൾ. ഇതോടൊപ്പം പരിശീലനം പൂർത്തിയാക്കുന്ന മുള കരകൗശല വിദഗ്ദ്ധർക്ക് ആവശ്യമായ തൊഴിൽ ഉപകരണങ്ങളും ബാംബു മിഷൻ നൽകിവരുന്നു. പ്രാഥമിക കരകൗശല വ്യവസായ സഹകരണ സംഘങ്ങളുടെ കരകൗശല ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് സംസ്ഥാനത്തിനകത്തും പുറത്തുമായി ആറ് വിൽപ്പന കേന്ദ്രങ്ങൾ സുരഭി നടത്തിവരുന്നു. ഇതോടൊപ്പം വിശ്വകർമ്മജരുടെ ഉന്നമനം ലക്ഷ്യമാക്കി ആവിഷ്കരിച്ചിട്ടുള്ള പി.എം. വിശ്വകർമ്മ എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് പ്രത്യേക നോഡൽ ഓഫീസർ ഉൾപ്പെടെയുള്ളവരെ നിയമിച്ചുകൊണ്ടുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നു.

## മാരിയിൽക്കലുങ്ക് പാലം നിർമ്മാണം

ശ്രീ. പി. ജെ. ജോസഫ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ മാരിയിൽക്കലുങ്ക് പാലം 2016-ൽ നിർമ്മാണം പൂർത്തിയായതാണ്. അതിന്റെ

അപ്രോച്ച് റോഡ് നിർമ്മാണമാണ് നടക്കാനുള്ളത്. കാഞ്ഞിരമറ്റം ഭാഗത്തുനിന്നുള്ള അപ്രോച്ച് റോഡിന്റെ പ്രവർത്തനം ആരംഭിക്കാനായിട്ടില്ല. പാലം നിർമ്മാണത്തിന്റെ ബാക്കി തുകയുണ്ട്. ആ തുകകൊണ്ട് അപ്രോച്ച് റോഡിന്റെ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കും. അതിന് 2023 ഫെബ്രുവരിയിൽ എടുത്ത റിവൈസ്ഡ് എസ്റ്റിമേറ്റ് സർക്കാരിലേയ്ക്ക് അയച്ചെങ്കിലും ഒന്നര വർഷമായി പെൻഡിംഗിലാണ്. ആ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകി നിർമ്മാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതിന്റെ മറുഭാഗമായ ഒളമറ്റം ഭാഗത്ത് എം.എൽ.എ. ആസ്ഥി വികസന ഫണ്ടിൽനിന്ന് 1,80,00,000 രൂപ മുടക്കി അതിന്റെ നിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. റിവൈസ്ഡ് എസ്റ്റിമേറ്റിന് ഏറ്റവും വേഗം അംഗീകാരം നൽകി നിർമ്മാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാന്യനായ പി. ജെ. ജോസഫ് ഇവിടെ ഉന്നയിച്ച സബ്മിഷൻ അഞ്ചരക്കോടി രൂപ ചെലവഴിച്ച് പാലം നിർമ്മിക്കുന്നതിന് 2013

ജ്ജൂൺ ഒന്നിന് കരാർ നൽകിയതാണ്. 2017 ജ്ജൂൺ 16-ന് പാലം നിർമ്മാണം പൂർത്തികരിക്കുകയും ചെയ്തു. പാലത്തിന്റെ ഇരുകരയിലുമുള്ള അപ്രോച്ച് റോഡുകൾക്കായി ഭൂമി ഏറ്റെടുക്കൽ നടപടികൾ ആദ്യഘട്ടത്തിൽ പൂർത്തിയായിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അദ്ദേഹം ഇക്കാര്യം പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി എന്ന നിലയിൽ എന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഞാൻ നേരിട്ട് അവിടെ സന്ദർശിക്കുകയും അന്നുതന്നെ പാലവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജില്ലാ കളക്ടറുമായി സംസാരിക്കുകയും സ്ഥലമെടുപ്പ് വേഗത്തിലാക്കാൻ തത്വത്തിൽ തീരുമാനിക്കുകയും ചെയ്തു. 27-09-2022-ൽ സ്ഥലമെറ്റെടുക്കൽ പൂർത്തികരിച്ച് റവന്യൂ വകുപ്പിൽനിന്ന് പി.ഡബ്ല്യൂ.ഡി.-ക്ക് കൈമാറിയിരുന്നു. പാലം നിർമ്മാണത്തിനുശേഷമുള്ള ബാക്കി തുക ഉപയോഗിച്ച് ഇവിടെ ചൂണ്ടിക്കാട്ടിയതുപോലെ അപ്രോച്ച് റോഡ് നിർമ്മിക്കാനാണ് തീരുമാനിച്ചത്. ഇതിനുള്ള പുതുക്കിയ എസ്റ്റിമേറ്റ് 2023 ഫെബ്രുവരി 23-ന് സർക്കാരിൽ ലഭിക്കുകയും ധനകാര്യ വകുപ്പിന്റെ അനുമതിക്കായി നൽകുകയും ചെയ്തു. ധനകാര്യ വകുപ്പിന്റെ ചീഫ് ടെക്നിക്കൽ എക്സാമിനർ സ്ഥലം സന്ദർശിച്ച് വേണ്ട

കൂട്ടിച്ചേർക്കലുകൾ വരുത്തി വീണ്ടും റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റ് ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്. ഇത് വേഗത്തിലാക്കാൻ ധനകാര്യ വകുപ്പുമായി സംസാരിക്കാൻ പി.ഡബ്ല്യൂ.ഡി. സെക്രട്ടറിയെത്തന്നെ ചുമതലപ്പെടുത്താം. എം.എൽ.എ. ഫണ്ടിൽ നിന്നും 1,80,00,000 രൂപ ചെലവഴിച്ച് ഒളമറ്റം ഭാഗത്തെ അപ്രോച്ച് റോഡുകളുടെ നിർമ്മാണം പുരോഗമിക്കുന്നുണ്ട്. അത് എത്രയും വേഗത്തിൽ നടപ്പിലാക്കാനുള്ള ഇടപെടലുകൾ സ്വീകരിക്കാം.

<u>പെരുവ-പിറവം-പെരുവാമൂഴി റോഡ് നിർമ്മാണം</u>

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, പിറവം നിയോജകമണ്ഡലത്തിലെ പെരുവ-പിറവം-പെരുവാമൂഴി റോഡ് കോട്ടയം ജില്ലയിൽ നിന്നാണ് ആരംഭിക്കുന്നത്. ഞാൻ ഈ വിഷയം ചോദ്യോത്തരവേളയിലും സബ്മിഷനിലുമായി നാലാമത്തെ തവണയാണ് സഭയിൽ ഉന്നയിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിയെ നേരിൽകണ്ടും ഈ വിഷയം അവതരിപ്പിച്ചിട്ടുണ്ട്. നിർമ്മാണത്തിൽ ഉണ്ടായിരിക്കുന്ന അപാകതയും കാലതാമസവും പലതവണ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. മന്ത്രിതന്നെ നേരിട്ട് ഒരു മീറ്റിംഗ്

വിളിച്ചുചേർക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും അങ്ങത് വിളിച്ചുചേർത്തിട്ടില്ല. വകുപ്പുസെക്രട്ടറിയെ ചുമതലപ്പെടുത്തിയതുപ്രകാരം അദ്ദേഹമാണ് യോഗം വിളിച്ചുചേർത്തത്. പക്ഷെ പ്രത്യേകിച്ച് കാര്യങ്ങളൊന്നും ഉണ്ടായില്ല. ഒരു എം.എൽ.എ. എന്ന നിലയിൽ ഒരേ വിഷയംതന്നെ പലതവണ നിയമസഭയിൽ കൊണ്ടുവരുമ്പോൾ അതിലെന്തിലും കാര്യമായ പ്രശ്നമുണ്ടെന്ന് അങ്ങേയ്ക്ക് മനസ്സിലാക്കാൻ കഴിയും. അവിടെ നിലവിൽ നിർമ്മാണപ്രവൃത്തി പൂർണ്ണമായും നിശ്ചലമായിരിക്കുകയാണ്. ടി പ്രവൃത്തി റീടെണ്ടർ ചെയ്ത് പുതിയ കമ്പനിയെ ഏൽപ്പിക്കാൻ പോകുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. നേരത്തേ ഉണ്ടായിരുന്നതിനേക്കാൾ ഗുരുതരമായ സാഹചര്യമാണ് ഇപ്പോഴുള്ളത്. റോഡിന്റെ നിർമ്മാണം പകുതി വഴിയിൽ നിർത്തിയിരിക്കുന്ന സാഹചര്യത്തിൽ വലിയ കട്ടിംഗുകൾ രൂപപ്പെട്ടുകയും സൈഡ് പ്രൊട്ടക്ഷൻ ഇല്ലാതെ വാഹനങ്ങൾ അപകടത്തിൽപ്പെടുകയും ചെയ്യുന്നുണ്ട്. റോഡ് വീതി കൂട്ടലിന്റെ ഭാഗമായി സ്വമേധയാ സർക്കാരിന് സ്ഥലം വിട്ടുനൽകിയ അനവധി ജനങ്ങളുണ്ട്. അവർക്ക് മതിലുകൾ കെട്ടാൻപോലും കഴിയാത്ത സാഹചര്യമാണ്. കോട്ടയം ജില്ലയിലെ പെരുവയിൽ നിന്ന് ആരംഭിച്ച്

എറണാകുളം ജില്ലയിലെ പെരുവാമൂഴിയിൽ അവസാനിക്കുന്ന റോഡിന്റെ പ്രവൃത്തി നിശ്ചലമാണ്. സർക്കാർ ഇതിന്റെ ഗൗരവം ഉൾക്കൊള്ളണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. വർക്ക് ആരംഭിച്ചപ്പോൾ ഒരു പ്രദേശത്തിന്റെ വികസന കാഴ്ചപ്പാട് സംബന്ധിച്ച് നല്ല പ്രതീക്ഷയായിരുന്നു. റീബിൽഡ് കേരള ഇൻഷിയേറ്റീവിൽ ആരംഭിച്ച ഈ പദ്ധതി മുടങ്ങിക്കിടക്കുകയാണ്. ഈ ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രിക്ക് രേഖാമൂലം എഴുതിത്തന്നിട്ടുള്ള മറുപടിയായിരിക്കും പറയുന്നത്. അങ്ങ് ഇതുസംബന്ധിച്ച് ഒരു മീറ്റിംഗ് വിളിച്ചുചേർത്ത് കാര്യങ്ങൾ മനസ്സിലാക്കി പ്രസ്തുത നിർമ്മാണപ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കണമെന്നാണ് എനിക്ക് സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കേരള സർക്കാരിന്റെ പദ്ധതിയായ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം നടത്തുന്ന കുമരകം-നെടുമ്പാശ്ശേരി റോഡ് എറണാകുളം ജില്ലയിലെ പിറവം, കോട്ടയം ജില്ലയിലെ കടുത്തുരുത്തി എന്നീ നിയോജകമണ്ഡലങ്ങളിലൂടെയാണ് കടന്നുപോകുന്നത്.

പ്രസ്തുത റോഡ് കോട്ടയം ജില്ലയിലെ പെരുവ ജംഗ്ഷനിൽ നിന്ന് ആരംഭിച്ച് പെരുവാമൂഴി ജംഗ്ഷനിൽ അവസാനിക്കുന്നു. 21.40 കിലോമീറ്റർ ദൈർഘ്യമുള്ള കുമരകം- നെടുമ്പാശ്ശേരി റോഡിന് 107 കോടി 64 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും 97 കോടി 88 ലക്ഷം രൂപയ്ക്ക് കരാർ ഏറ്റെടുക്കുകയും ചെയ്തു. 2021 ഓഗസ്റ്റ് അഞ്ചിന് പ്രവൃത്തിയുടെ സൈറ്റ് കരാറുകാരന് കൈമാറി. പതിനെട്ട് മാസമായിരുന്നു പൂർത്തീകരണ കാലാവധി. 2023 ഡിസംബർ 31-ാം തീയതിവരെ അത് ദീർഘിപ്പിച്ചുനൽകി. ബി.എം.&ബി.സി. നിലവാരത്തിൽ ഉപരിതല നവീകരണം, പാലം, കലുങ്കുകൾ, ഡ്രൈയിനേജിന്റേയും സംരക്ഷണ ഭിത്തിയുടേയും പുനർനിർമ്മാണം, റോഡ് ജംഗ്ഷനുകളുടെ നവീകരണം, റോഡ് സുരക്ഷാ ക്രമീകരണങ്ങൾ എന്നീ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാൻ കരാറുകാരൻ തയ്യാറായില്ല. പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിനായി നോട്ടീസുകൾ നൽകിയെങ്കിലും പൂർത്തീകരണ കാലയളവിനുള്ളിൽ പ്രവൃത്തിയുടെ മുപ്പത്തിരണ്ട് ശതമാനം മാത്രമാണ് പൂർത്തീകരിച്ചത്. 2024 ജനുവരി 11-ന് PWD സെക്രട്ടറിയുടെ അധ്യക്ഷതയിൽ യോഗം ചേർന്നു. PWD സെക്രട്ടറി 140

നിയോജകമണ്ഡലങ്ങളിലേയും യോഗത്തിൽ പങ്കെടുക്കാറില്ല. ഈ യോഗത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയതുകൊണ്ടാണ് അദ്ദേഹത്തെ ചുതലപ്പെടുത്തിയത്. യോഗത്തിൽ പ്രവൃത്തിയുടെ നിലവിലെ പുരോഗതി സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കി. തുടർന്ന് പദ്ധതി ടെർമിനേറ്റ് ചെയ്യുന്നതിന് പി.ഡി., കെ.എസ്.ടി.പി.-യെ ചുമതലപ്പെടുത്തി. പ്രോജക്ട് ഡയറക്ടറുടെ അധ്യക്ഷതയിൽ നടന്ന അവലോകന യോഗത്തിന്റെ തീരുമാനപ്രകാരം കരാറുകാരനെ ടെർമിനേറ്റ് ചെയ്തു. ഇക്കാര്യം സർക്കാർ വളരെ ഗൗരവത്തോടെയാണ് കണ്ടിട്ടുള്ളത്. ഒരു കരാറുകാരനെ ടെർമിനേറ്റ് ചെയ്യുന്നത് ഗൗരവമുള്ള കാര്യമാണ്. അവസാന ഘട്ടത്തിലാണ് അത്തരമൊരു കാര്യം ചെയ്യുന്നത്. PWD വകുപ്പുസെക്രട്ടറി ഒരു യോഗത്തിൽ പങ്കെടുത്താൽ അതിന്റെ വിവരങ്ങൾ മന്ത്രിയുമായി ചർച്ച ചെയ്യാറുണ്ട്. അതേത്തുടർന്നാണ് ഇത്തരമൊരു തീരുമാനം കൈക്കൊണ്ടതും. നിലവിൽ റീടെണ്ടർ ചെയ്യാനാവശ്യമായ പുതുക്കിയ ഡി.പി.ആർ. കൺസൾട്ടന്റ് സമർപ്പിച്ചിട്ടുള്ളതും ആയതിന്റെ ഗ്രൗണ്ട് ട്രൂത്തിംഗ് നടന്നുവരികയുമാണ്. ഇത് പൂർത്തിയാക്കി അന്തിമ ഡി.പി.ആർ.-ന് ആർ.കെ.-യുടേയും കെ.എഫ്.ഡബ്ല്യൂ.-ന്റേയും അനുമതി ലഭ്യമാകുന്ന മുറയ്ക്ക്

പദ്ധതി റീടെണ്ടർ ചെയ്യുന്നതിന് തുടർ നടപടി സ്വീകരിക്കുന്നതാണ്. മൺസൂൺ കാലയളവിൽ റോഡ് യാത്രക്കാർക്ക് ഉണ്ടാകാവുന്ന ബുദ്ധിമുട്ട് കുറയ്ക്കുന്നതിനായി 25 ലക്ഷം രൂപയുടെ അടിയന്തര പ്രവൃത്തികൾക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്. ഈ പ്രവൃത്തി അടിയന്തരമായി ആരംഭിച്ച് പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. എല്ലാ നിയോജകമണ്ഡലങ്ങളിലേയും എം.എൽ.എ.-മാർ ഒരു പ്രത്യേക റോഡിന്റെ പരാതി ശ്രദ്ധയിൽപ്പെടുത്താറുണ്ട്.

എല്ലാ യോഗങ്ങളിലും വകുപ്പുമന്ത്രി നേരിട്ട് പങ്കെടുക്കുകയെന്നത് പ്രായോഗികമല്ല. അത്തരം ഘട്ടങ്ങളിൽ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുകയാണ് ചെയ്യുന്നത്. തുടർന്ന് റിപ്പോർട്ടുപ്രകാരം എന്തുചെയ്യണമെന്ന തീരുമാനം കൈക്കൊള്ളും. ഉദ്യോഗസ്ഥരിൽ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥനായ ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനെയാണ് ഈ യോഗത്തിൽ പങ്കെടുപ്പിച്ചിട്ടുള്ളത്. പ്രസ്തുത വിഷയത്തെ സർക്കാർ വളരെ

ഗൗരവത്തോടെയാണ് സമീപിച്ചത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗം നിരാശനാകേണ്ട പ്രശ്നം വരുന്നില്ലെന്നാണ് ചൂണ്ടിക്കാണിക്കാനുള്ളത്.

<u>റോഡുകൾ ടാർ ചെയ്യുന്നത് സംബന്ധിച്ച്</u>

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, എന്റെ നിയോജകമണ്ഡലമായ പെരുമ്പാവൂരിലെ റോഡുകളുടെ കാര്യത്തിൽ ഞാൻ വളരെ നിരാശനാണ്. ഇക്കാര്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് നേരിട്ട് സംസാരിക്കുകയും അടിയന്തരപ്രമേയം കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. അങ്ങയോട് മൂന്ന് വർഷമായി നിരന്തരം റിക്വസ്റ്റ് ചെയ്തിട്ടും ബഡ്ജറ്റിലല്ലാതെ ഒരു റോഡ് പോലും ചെയ്തുതന്നിട്ടില്ല. നൂറ് കിലോമീറ്ററിലധികം റോഡുകൾ തകർന്ന് തരിപ്പണമായി കിടക്കുകയാണ്. അവിടെ വലിയ പ്ലൈവുഡ് വ്യവസായമുണ്ട്, അരി വ്യവസായമുണ്ട്, തടി വ്യവസായവുമുണ്ട്. അതുകൊണ്ട് ഭാരവണ്ടികൾ ഏറ്റവും കൂടുതൽ വരികയും കൂടാതെ സർക്കാരിന് ഏറ്റവും കൂടുതൽ ജി.എസ്.ടി. ലഭിക്കുകയും ചെയ്യുന്ന സ്ഥലമാണ് പെരുമ്പാവൂർ. പക്ഷെ റോഡുകളുടെ കുഴി ആർ.സി. വർക്കിലൂടെ അടയ്ക്കാൻ കഴിയില്ല. അത്രയും വലിയ കുഴികളാണ്. വണ്ടികൾ മറിഞ്ഞ് അപകടം സംഭവിച്ച് ആളുകൾക്ക് പരിക്ക് പറ്റുന്നത് സ്ഥിരം

കാഴ്ചയാണ്. അങ്ങേയുടെ സ്നേഹനിധികളായ പാർട്ടിക്കാർ എല്ലായിടത്തും എന്റെ ഫ്ലക്സുകൾ അടിച്ചുവച്ചിരിക്കുകയാണ്. ഞാനാണ് പദ്ധതികളുടെ ഭരണാനുമതി നൽകാത്തതെന്നാണ് അവർ പറയുന്നത്. കേരളത്തിൽ ഏറ്റവും കൂടുതൽ തകർന്ന റോഡുകളുള്ളത് പെരുമ്പാവൂരാണ്. ദയവായി അങ്ങത് പരിശോധിക്കണം. അങ്ങയുടെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ വന്ന് പരിശോധിച്ച് റിപ്പോർട്ടും എസ്റ്റിമേറ്റും തന്നു. പക്ഷെ ഭരണാനുമതി കിട്ടിയില്ല. മുപ്പത് റോഡുകൾ മോശമാണ്. എന്നാൽ ഇപ്പോൾ നാല് റോഡുകൾക്ക് മാത്രമാണ് ഫണ്ട് ചോദിക്കുന്നത്. അതുമാത്രമെങ്കിലും അനുവദിക്കണം. ഓണംകുളം-ഊട്ടിമറ്റം റോഡ്, തോട്ടപ്പാടം-ഉളിയാമ്പള്ളി-ശാലയം റോഡ്, അറയ്ക്കപ്പടി-വലിയകുളം-പോഞ്ഞാശ്ശേരി റോഡ്, പെരുമാനി-ചീനിക്കുഴി റോഡ്. ഇവ വെങ്ങോല ഗ്രാമപഞ്ചായത്തിലുള്ള റോഡുകളാണ്. അങ്ങ് ദയവായി, പരിഗണിക്കാം എന്ന വാക്ക് പറയാതെ പരിഗണിക്കും നടപ്പാക്കും എന്ന് ഉറപ്പ് നൽകണമെന്ന് അപേക്ഷിക്കുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ നാല് റോഡുകളുടെ

നവീകരണവുമായി ബന്ധപ്പെട്ടാണ് ഈ സബ്മിഷൻ. നാല് റോഡുകളുടെ സാഹചര്യം സംബന്ധിച്ച് പരിശോധിക്കുന്നതിന് റോഡ്സ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറോട് നിർദ്ദേശിച്ചിരുന്നു. ഇതിൽ ചിലയിടങ്ങളിൽ ബേസ്, സബ് ബേസ് എന്നിവ തകർന്ന് കിടന്ന സാഹചര്യമുണ്ട്. നിലവിൽ റണ്ണിംഗ് കോൺട്രാക്റ്റിൽ ഉൾപ്പെടുത്തിയാണ് ഇവ പരിപാലിക്കുന്നത്. മറ്റ് പദ്ധതികളിൽ ഉൾപ്പെടുത്തി ഇവ നവീകരിക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കാവുന്നതാണ്. ഒരു പ്രവൃത്തികളും ബഹുമാനപ്പെട്ട അംഗത്തിന്റെ നിയോജകമണ്ഡലത്തിൽ പരിഗണിച്ചില്ലെന്ന് അദ്ദേഹം പറയുന്നത് ശരിയല്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ ഹെഡ്ഡുകളിലായി എസ്.ആർ., ഒ.ആർ., ആർ.സി., ശബരിമല പ്രവൃത്തി, ബഡ്ജറ്റ് പ്രവൃത്തി, ഓവർ ലേ, എസ്.എൽ.റ്റി.എഫ്., ട്രാഫിക് സേഫ്റ്റി തുടങ്ങിയവയിൽ എല്ലാമായി 41 കോടി 86 ലക്ഷം രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഈ ഉത്തരം പറയുമ്പോൾ ചിലപ്പോൾ മറ്റ് എം.എൽ.എ.-മാർക്ക് എന്നോട് വിരോധമുണ്ടാകാം. നിരത്ത് വിഭാഗത്തിൽ മാത്രം വിവിധ ഹെഡ്ഡുകളിലായി 20 കോടി 79 ലക്ഷം രൂപയുടെ പ്രവൃത്തി പുരോഗമിക്കുന്നുണ്ട്. കിഫ്ബിയിൽ 12

കോടി രൂപയുടേയും പാലങ്ങൾ വിഭാഗത്തിൽ 27 കോടി രൂപയുടേയും പ്രവൃത്തികൾ പൂർത്തീകരിച്ചു. പാലങ്ങൾ വിഭാഗത്തിൽ 39 കോടി 12 ലക്ഷം രൂപയുടെ പ്രവൃത്തികൾ പുരോഗമിക്കുന്നുണ്ട്. റോഡ് മെയിന്റനൻസ് വിഭാഗം റണ്ണിംഗ് കോൺട്രാക്റ്റിൽ 64,69,000 രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചു. 78 ലക്ഷം രൂപയുടെ പ്രവൃത്തി തുടരുന്നുമുണ്ട്. 27 കോടി 26 ലക്ഷം രൂപ ചെലവഴിക്കുന്ന പെരുമ്പാവൂർ ബൈപ്പാസിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങളും ആരംഭിച്ചുകഴിഞ്ഞു. എം.സി. റോഡിൽ നടപ്പാക്കുന്ന ഒ.പി.ബി.ആർ.സി. പദ്ധതിയുടെ ഒരു ഭാഗം പെരുമ്പാവൂർ നിയോജകമണ്ഡലത്തെ സ്പർശിക്കുന്നതാണ്. ഈ നിലയിൽ മികച്ച പരിഗണനയാണ് പെരുമ്പാവൂർ നിയോജകമണ്ഡലത്തിന് നൽകിയിട്ടുള്ളത്. ഇപ്പോൾ അദ്ദേഹം സൂചിപ്പിച്ച നാല് റോഡുകളുടെ കാര്യം പരിശോധിക്കാം. റോഡുകളുടെ കാര്യത്തിൽ സർക്കാർ സ്വീകരിച്ച സമീപനംകൂടി അദ്ദേഹം ഈ അവസരത്തിൽ പറയണമായിരുന്നെന്ന് സൂചിപ്പിക്കുകയാണ്.

## കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം

ശ്രീ. കെ. പി. മോഹനൻ: സർ, കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയിൽ ദിനംപ്രതി രണ്ടായിരത്തിലധികം ഒ.പി.-യും അത്യാഹിതം വിഭാഗത്തിൽ നൂറിലധികം രോഗികളും എത്താറുണ്ട്. ഇവിടെ മാസത്തിൽ എൺപതിലധികം സർജറിയും നൂറ്റിയമ്പതു മുതൽ ഇരുനൂറുവരെ ആക്സിഡന്റ് കേസുകളും മൂന്നൂറിലധികം മൈനർ procedure-ഉം നടത്തുന്നുണ്ട്. മെയിൽ വാർഡ്, ഫീമെയിൽ വാർഡ്, ന്യൂബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റ്, ലേബർ വാർഡ്, ലേബർ റൂം, ഡയാലിസിസ് യൂണിറ്റ് എന്നിവയെല്ലാമുള്ള ഈ സ്ഥാപനം 2009 ആഗസ്റ്റിലാണ് താലൂക്ക് ആശുപത്രിയായി ഉയർത്തിയത്. പതിനഞ്ച് ഡോക്ടർമാർ മാത്രമാണ് ഇവിടെയുള്ളത്. ദിനംപ്രതി രണ്ടായിരത്തിലധികം രോഗികൾ ഒ.പി.-യിൽ ചികിത്സതേടിവരുന്ന ആശുപത്രിയാണിത്. സ്പെഷ്യലിസ്റ്റ് ഒ.പി.-യിൽ എട്ടുമണി മുതൽ ഒരുമണിവരെ, പരിശോധിക്കാൻ സാധിക്കുന്നതിലധികം രോഗികളെയാണ് പരിശോധിച്ചുവരുന്നത്. ഇവിടെ ജനറൽ ഒ.പി.-യിൽ പരിശോധിക്കാൻ ഡോക്ടർമാർ ഇല്ലാത്തതിനാൽ സ്പെഷ്യലിസ്റ്റ് ഒ.പി. ടിക്കറ്റ് ലഭിക്കാത്ത

രോഗികളെ ചികിത്സിക്കേണ്ടത് അത്യാഹിത വിഭാഗത്തിലെ ഡോക്ടറാണ്. ഇവിടെ അസിസ്റ്റന്റ് സർജന്റെ പോസ്റ്റ് ഒന്നുംതന്നെ ഇല്ലാത്തതിനാൽ മെഡിക്കൽ ഓഫീസർ തന്നെയാണ് ജനറൽ ഒ.പി.-യും കാഷ്വാലിറ്റിയും കൈകാര്യം ചെയ്യേണ്ടിവരുന്നത്. ഒരു ഷിഫ്റ്റിൽ ആകെ ഒരു കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ മാത്രമെ ഡ്യൂട്ടിയിൽ ഉണ്ടാകുകയുള്ളൂ. ദിനംപ്രതി എഴുന്നൂറിലധികം രോഗികളെയാണ് അത്യാഹിതം വിഭാഗത്തിലെ ഡോക്ടർ പരിശോധിക്കേണ്ടിവരുന്നത്. അത്യാഹിത വിഭാഗത്തിലെത്തുന്ന അത്യാസന്നരോഗികളെയും പോലീസ് സ്റ്റേഷൻ, കോടതി, പോക്സോ കേസുകൾ എന്നിവിടങ്ങളിൽനിന്ന് വരുന്ന രോഗികളെയും പരിശോധിക്കേണ്ടത് കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറാണ്. ആയതിനാൽ അത്യാഹിത വിഭാഗത്തിലെത്തുന്ന ഒ.പി. രോഗികൾ കുറെ നേരം ക്യൂ നിൽക്കേണ്ട അവസ്ഥയാണുള്ളത്. രാവിലെ ഒ.പി. ടിക്കറ്റ് എടുക്കുന്നവർക്ക് ഉച്ചയ്ക്കുശേഷമാണ് ഡോക്ടറെ കാണാൻ സാധിക്കുന്നത്. കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയുടെ പന്ത്രണ്ട് നിലകളുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

ഏറ്റെടുത്തതിനുശേഷം വളരെ വേഗത്തിൽതന്നെ പ്രവർത്തനസജ്ജമായിട്ടുണ്ട്. ഈ കെട്ടിടത്തിലേയ്ക്ക് ആശുപത്രി പൂർണ്ണതോതിൽ കൂടുതൽ സൗകര്യത്തോടെ പ്രവർത്തിക്കുന്നതിന് സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള തസ്തികകൾ സൃഷ്ടിക്കണമെന്നും ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കണമെന്നും മറ്റ് അനുബന്ധ കാര്യങ്ങളിൽകൂടി നടപടി സ്വീകരിക്കണമെന്നും ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്. അങ്ങ് അവിടെ സന്ദർശിച്ചിട്ടുമുണ്ട്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, കണ്ണൂർ ജില്ലയിൽ സാധാരണ ജനങ്ങൾ ധാരാളമായി ആശ്രയിക്കുന്ന തിരക്കുള്ള നഗരമധ്യത്തിൽ സ്ഥിതിചെയ്യുന്ന ആശുപത്രിയാണ് കൂത്തുപറമ്പ് താലൂക്ക് ആശുപത്രി. ബഹുമാന്യനായ അംഗം പറഞ്ഞതുപോലെ ചില ദിവസങ്ങളിൽ ശരാശരി ആയിരത്തിഅഞ്ഞൂറും ചിലപ്പോൾ അതിലും കൂടുതൽ രോഗികൾ വരുന്ന സ്ഥിതിയുണ്ട്. അവിടെ ഒ.പി.-യും നൂറ്റിഅമ്പത്തിമൂന്ന് അംഗീകൃത കിടക്കകളുമാണുള്ളത്. രണ്ട് ഘട്ടങ്ങളിലായി നബാർഡ് ആദ്യം പതിമൂന്ന് കോടി അഞ്ച് ലക്ഷം രൂപ അനുവദിക്കുകയും പിന്നീട് നാൽപ്പത്തി ആറ് കോടി പതിനെട്ട് ലക്ഷം രൂപയും അനുവദിക്കുകയും ചെയ്തുകൊണ്ടാണ്

രണ്ട് ബേസ്മെന്റ് ഉൾപ്പെടെ പന്ത്രണ്ട് നിലകളുള്ള അതിമനോഹരമായ കെട്ടിടം പൂർത്തീകരണത്തിലേയ്ക്ക് അടുക്കുന്നത്. ആദ്യത്തെ ബേസ്മെന്റ്, ഗ്രൗണ്ട് ഫ്ലോർ, ഒമ്പത് നിലകളുൾപ്പെടെ പന്ത്രണ്ട് നിലകളാണുള്ളത്. അതിൽ പതിനൊന്ന് ഒ.പി.-കൾ ഉള്ളതിൽ ഗൈനക്, പീഡിയാട്രിക്, ജനറൽ സർജറി, ഇ.എൻ.ടി., ജനറൽ മെഡിസിൻ, ത്വക്ക് രോഗ വിഭാഗം, സൈക്യാട്രി, ഫിസിക്കൽ മെഡിസിൻ, ജനറൽ ഒ.പി., ഈവനിംഗ് ഒ.പി., എൻ.സി.ഡി. ക്ലിനിക് ഇവയെല്ലാം ഉൾപ്പെടുന്നുണ്ട്. ഇവയെല്ലാം ഒന്നാം നിലയിലാണുള്ളത്. ലേബർ റൂം, antenatal വാർഡ്, ലേബർ ഓപ്പറേഷൻ തിയേറ്റർ, ന്യൂബോൺ ഐ.സി.യു., എച്ച്.ഡി.യു. എന്നിവ രണ്ടാം നിലയിൽ ഉണ്ടാകും. ജനറൽ ഓപ്പറേഷൻ തിയറ്റർ, ഓർത്തോ ഓപ്പറേഷൻ തിയറ്റർ, റിക്കവറി റൂം, സർജിക്കൽ ഐ.സി.യു. തുടങ്ങിയവയാണ് മൂന്നാം നിലയിലുള്ളത്. ഒഫ്ത്താൽമോളജി, മെയിൽ ആൻഡ് ഫീമെയിൽ വാർഡ്, മെഡിക്കൽ ഐ.സി.യു. ഉൾക്കൊള്ളുന്നത് നാലാം നിലയിലാണ്. Postnatal വാർഡും പീഡിയാട്രിക് വാർഡും അഞ്ചാം നിലയിലും പോസ്റ്റ്-ഓപ്പറേറ്റീവ് മെയിൽ ആൻഡ് ഫീമെയിൽ വാർഡ് ആറാം നിലയിലും സർജിക്കൽ മെയിൽ ആൻഡ്

ഫീമെയിൽ വാർഡ് ഏഴാം നിലയിലും ജനറൽ മെയിൽ ആൻഡ് ഫീമെയിൽ വാർഡ് എട്ടാം നിലയിലുമാണുള്ളത്. അഡ്മിനിസ്ട്രേറ്റീവ് ഓഫീസും മെഡിക്കൽ റിക്കോർഡ്സ് ലൈബ്രറിയും ഒമ്പതാം നിലയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഒന്നും രണ്ടും ഘട്ടങ്ങളിലായി ഭരണാനുമതി നൽകിയ ഈ പ്രവൃത്തി അന്തിമഘട്ടത്തിലാണ്. സിവിൽ പ്രവൃത്തികളുടെയും എം.ഇ. പ്രവൃത്തികളുടെയും എഴുപതുശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. ഇവിടെ ഗ്യാസ് പൈപ്പ് ലൈൻ സിസ്റ്റം സ്ഥാപിക്കുന്നതിന് സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിനായി നിർമ്മാണ ഏജൻസിയായി യു.എൽ.സി.സി.എസ്. (ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി) ഒരു കോടി അഞ്ചുലക്ഷം രൂപയുള്ള എസ്റ്റിമേറ്റ് കെ.എം.എസ്.സി.എൽ.-ന്റെ ശിപാർശ സഹിതം പൊതുമരാമത്ത് വകുപ്പ് മുഖാന്തരം സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. അക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഇതുകൂടാതെ NHM-ന്റെ 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയിലേയ്ക്ക് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് 57.21 ലക്ഷംരൂപയുടെ ഭരണാനുമതി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ

നൽകിയിട്ടുണ്ട്. ഉപകരണങ്ങളുടെ വിതരണം നടന്നുവരുന്നു. ബഹുമാന്യനായ അംഗം പറഞ്ഞതുപോലെ സൂപ്രണ്ട് ഉൾപ്പെടെ പതിനാറ് ഡോക്ടേഴ്സ് മാത്രമാണ് നിലവിലുള്ളത്. കൺസൾട്ടന്റ് പീഡിയാട്രിക്സ്, കൺസൾട്ടന്റ് ഗൈനക്കോളജി, ജൂനിയർ കൺസൾട്ടന്റ്, ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) എന്നിങ്ങനെ തുടങ്ങി പതിനാറ് ഡോക്ടർമാരും അതിൽ CMO-യും ഉൾപ്പെടുന്നുണ്ട്. പക്ഷേ അസിസ്റ്റന്റ് സർജൻ ഇല്ല എന്നുള്ളത് ഒ.പി.-യിൽ എത്തുന്ന രോഗികൾക്ക് സേവനം നൽകുന്നതിൽ പരിമിതിയായി കണ്ടുകൊണ്ട് NHM-ൽനിന്നും രണ്ട് അസിസ്റ്റന്റ് സർജൻമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. അവിടെ അസിസ്റ്റന്റ് സർജൻന്മാരുടെ തസ്തിക സൃഷ്ടിക്കേണ്ടതുണ്ട്. ഞാൻ അവിടെ ബഹുമാന്യനായ അംഗത്തിനൊപ്പം നേരിട്ട് സന്ദർശനം നടത്തി കൃ ഉൾപ്പെടെയുള്ള കാര്യങ്ങൾ കണ്ടിരുന്നു. ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുള്ള തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച ഫയലിൽ കൂത്തുപറമ്പ് ആശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്. അത് എത്രയുംവേഗം സാധ്യമാക്കുന്നതിനാണ് ശ്രമിക്കുന്നത്. അതോടൊപ്പം ആശുപത്രി പൂർണ്ണമായി പ്രവർത്തന സജ്ജമാക്കുന്നതിനുള്ള ധനം ലഭിക്കുന്നതിനുള്ള അനുമതികൂടി

ഇതിനുസമാന്തരമായി നൽകി ഉപകരണങ്ങൾ ഉൾപ്പെടെ കൂടുതൽ ലഭ്യമാകുന്നതിന് സർക്കാർ ശ്രമിക്കുകയാണ്.

വർക്കല ഇടവ തോമസ് സെബാസ്റ്റ്യൻ സ്റ്റേഡിയം

ശ്രീ. വി. ജോയി: സർ, ഒരു പ്രധാനപ്പെട്ട കാര്യം വീണ്ടും വീണ്ടും ശ്രദ്ധയിൽപ്പെടുത്താൻവേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ഓരോ ജില്ലയ്ക്കും ജില്ലാ സ്റ്റേഡിയം ഉണ്ടാകുമെന്ന തീരുമാനമെടുക്കുകയും അതിന്റെ ഭാഗമായി വർക്കലയിലെ ഇടവ പ്രദേശത്തെ നാട്ടുകാർ ഇതിനുള്ള തുകയായി ചെറിയ ചെറിയ തുട്ടുകൾ പിരിച്ച് ഏതാണ്ട് അഞ്ചേക്കർ ഭൂമി വാങ്ങി സംഭാവന ചെയ്തതാണ് ഈ സ്റ്റേഡിയം. ഇത് തോമസ് സെബാസ്റ്റ്യന്റെ പേരിലുള്ള സ്റ്റേഡിയമാണ്. ഇതിന് 2018-ൽ കിറ്റ്കോയെ എസ്.പി.വി. നിശ്ചയിച്ച് ടെണ്ടർ നടപടികളിലേയ്ക്ക് പോയിരുന്നു. 2018-ൽ പ്രവൃത്തി ആരംഭിച്ച് ആറ് വർഷമായിട്ടും ഇന്നും ആ സ്റ്റേഡിയത്തിന്റെ പണി എങ്ങുമെത്താതെ നിൽക്കുകയാണ്. അവിടെ ആ വർക്ക് ഒരു കോൺട്രാക്ടർ ടെണ്ടർ ചെയ്തെടുത്തു. കുറച്ചുനാൾ ആ വർക്ക് നടത്തി. എസ്.പി.വി.-യുമായി നിരന്തരമായ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ ആ

കോൺട്രാക്ടർ വർക്ക് ഉപേക്ഷിച്ചുപോയി. പിന്നീട് വീണ്ടും നിരന്തരം മന്ത്രിമാരുമായി ബന്ധപ്പെട്ട് എസ്.പി.വി.-യെ മാറ്റി സ്പോർട്സ് കേരള ഫൗണ്ടേഷനെക്കൊണ്ട് ഏറ്റെടുപ്പിക്കാൻ തീരുമാനിച്ചു. നിലവിലുണ്ടായിരുന്ന എസ്.പി.വി. ആയ കിറ്റ്കോ ആവശ്യമായ രേഖകൾ കൈമാറിയില്ല. ബഹുമാനപ്പെട്ട മന്ത്രി 2024 വരെയുള്ള കാലയളവിൽ നാല് മീറ്റിംഗുകൾ അറേഞ്ച് ചെയ്തു. ഒരു കാരണവശാലും കിറ്റ്കോയെന്ന് പറയുന്ന എസ്.പി.വി. ആവശ്യമായ രേഖകൾ കൈമാറില്ല. ഒരുപ്രദേശത്തെ ജനങ്ങൾ മുഴവൻ വല്ലാതെ ആഗ്രഹിച്ച സ്റ്റേഡിയം ആറ് വർഷമായിട്ടും പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോടുള്ള അഭ്യർത്ഥന, കിറ്റ്കോയെന്ന് പറയുന്ന എസ്.പി.വി. നമുക്ക് ചെയ്യുന്ന ദ്രോഹം ചെറുതല്ല. ഇതിൽ ഒരു തീരുമാനമെടുക്കണം. അവരെക്കൊണ്ട് ഒരു കാര്യം ചെയ്യിക്കാൻ പറ്റില്ല, ചെയ്യുന്നതിലെല്ലാം അഴിമതിയാണ്, വല്ലാത്തൊരു പ്രശ്നമാണ് നമുക്ക് അവരിൽനിന്ന് അനുഭവിക്കേണ്ടി വരുന്നത്. അതുകൊണ്ട് കർശനമായ നിലപാട് ഇക്കാര്യത്തിൽ അങ്ങ് സ്വീകരിക്കണം. അങ്ങ് പരിശോധിച്ചാൽ അറിയാം.

സ്കൂളുകളുടെ കാര്യവും മറ്റ് പല കാര്യങ്ങളും നമ്മൾ പരിശോധിച്ചു. ഇതൊരു സീരിയസ് മാറ്ററാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ ഇടപെടണം. ബഹുമാനപ്പെട്ട സ്പോർട്സ് മന്ത്രിയോടുള്ള അഭ്യർത്ഥന എങ്ങനെയെങ്കിലും സ്റ്റേഡിയത്തിന്റെ നിർമ്മാണം വീണ്ടും ആരംഭിക്കാനുള്ള ശ്രമം നടത്തണമെന്നാണ്. അങ്ങ് അതെല്ലാം നിരന്തരമായി ചെയ്യുന്നുണ്ടെങ്കിലും തുടർന്നും കാര്യങ്ങൾ ചെയ്യണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (<u>ശ്രീ. വി. അബ്ദുറഹിമാൻ</u>): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച സബ്മിഷൻ ഏറ്റവും പ്രധാനപ്പെട്ടതുതന്നെയാണ്. KITCO-യുമായി ബന്ധപ്പെട്ട് ധാരാളം കേസുകൾ നിലനിൽക്കുകയാണ്. പല ജില്ലാ സ്റ്റേഡിയങ്ങളും തൃശ്ശൂർ ജില്ലാ സ്റ്റേഡിയം, വയനാട് ജില്ലാ സ്റ്റേഡിയം അടക്കം KITCO-യുടെ ഇത്തരത്തിലുള്ള നിലപാടുകൊണ്ട് സ്തംഭിച്ചിരിക്കുകയാണ്. കായിക വകുപ്പിൽതന്നെ ഇരുപത്തിമൂന്നോളം പദ്ധതികൾ KITCO-യുടെ പ്രവർത്തനത്തിന്റെ പോരായ്മകൊണ്ട് തടസ്സപ്പെടുന്ന രീതി നിലവിലുണ്ട്. കിഫ്ബി പദ്ധതിയിൽ

ഉൾപ്പെടുത്തി നിർമ്മിക്കുന്ന തിരുവനന്തപുരം ജില്ലാ സ്റ്റേഡിയമായ ഇടവ തോമസ് സെബാസ്റ്റ്യൻ സ്റ്റേഡിയത്തിന് 58.47 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും തുടർന്ന് കിഫ്ബിയിൽനിന്നും 34.26 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചതാണ്. KITCO-യെയാണ് ഈ പ്രവൃത്തിയുടെ Special Purpose Vehicle (SPV) ആയി ചുമതലപ്പെടുത്തിയത്. KITCO മുഖാന്തരം സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ കിഫ്ബിയുടെ പരിശോധനയിൽ ഇൻഡോർ സ്റ്റേഡിയത്തിൽ ഫൗണ്ടേഷൻ ഡിസൈനിൽ ചില പോരായ്മകൾ കണ്ടെത്തുകയും ഇതിനെത്തുടർന്ന് 01-10-2019-ൽ കിഫ്ബി Stop Memo നൽകുകയും ചെയ്തിരുന്നു. തുടർന്ന് പ്രവൃത്തി പുനരാരംഭിക്കുന്ന വിഷയത്തിൽ തീരുമാനമുണ്ടാകുന്നതിന് കാലതാമസമുണ്ടായതിനാൽ കരാറുകാരൻ പ്രവൃത്തിയിൽനിന്നും ഒഴിവാക്കണമെന്ന് കിറ്റ്കോയോട് ആവശ്യപ്പെടുകയും ചെയ്തു. ഇത്തരത്തിൽ പദ്ധതിയിൽ പുരോഗതിയൊന്നും കാണാത്ത സാഹചര്യത്തിൽ സർക്കാർ ഉത്തരവ് 56/2024 പ്രകാരം 20-04-2024 ഇടവ തോമസ് സ്റ്റേഡിയത്തിൽ അവശേഷിക്കുന്ന പ്രവൃത്തികളുടെ SPV ആയി കേരള

സ്പോർട്സ് ഫൗണ്ടേഷന് ചുമതലപ്പെടുത്തി ഉത്തരവായി. സ്പോർട്സ് കേരള ഫൗണ്ടേഷന് ചുമതലപ്പെടുത്തി ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട രേഖകൾ കൈമാറാൻ KITCO-യോട് ആവശ്യപ്പെട്ടെങ്കിലും KITCO രേഖകൾ കൈമാറാൻ തയാറായില്ല. തുടർന്ന് 24-04-2024 കായിക യുവജനകാര്യ ഡയറക്ടറുടെ അധ്യക്ഷതയിലും 08-05-2024-ൽ കായിക വകുപ്പുമന്ത്രിയുടെയും അധ്യക്ഷതയിലും ചേർന്ന യോഗങ്ങളുടെ അടിസ്ഥാനത്തിൽ ശേഷിക്കുന്ന പ്രവൃത്തികളുടെ ഡ്രോയിംഗ്, എസ്റ്റിമേറ്റ്, ബിഡ് ഡോക്യുമെന്റ്സ് കൂടാതെ പ്രവൃത്തിയുടെ വർക്കുകളുമായിട്ടുള്ള മെഷർമെന്റ് ബുക്കും KITCO സ്പോർട്സ് കേരള ഫൗണ്ടേഷന് 18-05-2024-ൽ കൈമാറിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ശേഷിക്കുന്ന പ്രവൃത്തികളുടെ അംഗീകാരം ഉൾപ്പെടെയുള്ള കാര്യങ്ങൾ തീരുമാനമെടുക്കുന്നതിന് പ്രവൃത്തിയുടെ മുൻകരാറുകാരനെ ഒഴിവാക്കികൊണ്ടുള്ള എഗ്രിമെന്റ് KITCO സ്പോർട്സ് കേരള ഫൗണ്ടേഷന് ലഭ്യമാക്കേണ്ടതാണ്. കിഫ്ബിയുടെ സി.ഇ.ഒ.-യുടെ അദ്ധ്യക്ഷതയിൽ 20-05-2024-ൽ ചേർന്ന യോഗത്തിൽ പ്രസ്തുത രേഖകൾ KITCO തയ്യാറാക്കി ഒരാഴ്ചക്കകം ലഭ്യമാക്കണമെന്ന്

നിർദ്ദേശിച്ചിരുന്നു. ബഹുമാനപ്പെട്ട വർക്കല എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ 05-05-2024-ൽ ചേർന്ന യോഗത്തിൽ എല്ലാ രേഖകളും സ്പോർട്സ് കേരള ഫൗണ്ടേഷന് കൈമാറുന്നതിന് KITCO-യോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത രേഖകൾ ഇതുവരെ ലഭ്യമായിട്ടില്ല. KITCO-ൽ നിന്നും രേഖകൾ അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്പോർട്സ് കേരള ഫൗണ്ടേഷൻ സ്വീകരിച്ചുവരികയാണ്. കിറ്റ്കോ Special Purpose Vehicle (SPV) ആയിട്ടുള്ള പദ്ധതികളുടെ നടത്തിപ്പിൽ ഗുരുതരമായ വീഴ്ചയാണ് സംഭവിച്ചിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിലാണ് ഇടവ സ്റ്റേഡിയം നിർമ്മാണം ഉൾപ്പെടെ 23 പദ്ധതികളുടെ SPV സ്ഥാനത്തുനിന്നും KITCO-യെ മാറ്റുകയും സ്പോർട്ട്സ് കേരള ഫൗണ്ടേഷനെ പുതിയ SPV-ആയി നിശ്ചയിച്ചുകൊണ്ടും ഉത്തരവിറക്കിയത്. KITCO രേഖകൾ നൽകുന്നതിൽ കാലാതാമസമുണ്ടാക്കുന്നതിനാൽ ആവശ്യമായ നിയമനടപടിയിലേയ്ക്ക് വകുപ്പ് നീങ്ങുകയാണ്. വകുപ്പ് സെക്രട്ടറിയോട് ഇത്തരം കേസുകൾ പരിശോധിച്ച് നടപടിയെടുക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. KITCO-ൽ നിന്ന് എഗ്രിമെന്റ് ലഭ്യമാകുന്നമുറയ്ക്ക് ശേഷിക്കുന്ന പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്ന

കാര്യത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ നടപടി സ്വീകരിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.